19/1/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 881(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.7258/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 10.01.2022**

**ശ്രീ. രാമചന്ദ്രൻ ജി,**
**കണ്ണേഴത്തു വീട്,**
**വലമംഗലം വടക്ക്,**
**തുറവൂർ പി.ഒ,**
**ആലപ്പുഴ – 688 532** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

**1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**സെക്രട്ടറി,**
**തുറവൂർ ഗ്രാമപഞ്ചായത്ത്,**
**തുറവൂർ പി.ഒ, ചേർത്തല,**
**ആലപ്പുഴ – 688 532.**

**2. അപ്പീൽ അധികാരി &**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**ആലപ്പുഴ.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/07/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 05/01/2022<br>ഗസ്റ്റ് ഹൗസ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി (പ്രതിനിധി)<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാമചന്ദ്രൻ ജി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി വ്യക്തമായി മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിൽ രണ്ടാം എതിർകക്ഷി ടിയാന് അനുകൂലമായി അപ്പീൽ വിധിയായെങ്കിലും ഒന്നാം എതിർകക്ഷി നാളിതുവരെ ടി ഉത്തരവുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 06.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) തുറവൂർ-തൈക്കാട്ടുശ്ശേരി റോഡിൽ നിന്നും പുരന്ദരേശ്വരം ക്ഷേത്ര ജംഗ്ഷൻ മുതൽ കുത്തിയതോട്ടിലേക്കുള്ള റോഡ് നിലവിൽ വന്ന വർഷം ഏതെന്നും

2) ടി റോഡ് നിലവിൽ വന്ന കാലയളവിൽ വീതി എത്രയായിരുന്നുവെന്നും

3) ടി റോഡ് പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയത് സംബന്ധിച്ച് 3 ഉപചോദ്യങ്ങളും

4) നിലവിൽ ടി റോഡുമായി ബന്ധപ്പെട്ട രേഖകൾ ആരുടെ കൈവശമാണെന്നത് സംബന്ധിച്ച 2 ഉപചോദ്യങ്ങളുമാണ്.

3. ഹർജിക്കാരന്റെ 06.03.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.03.2021 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 17.04.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 24.05.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 07.09.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 06.03.2021 ലെ

അപേക്ഷയ്ക്ക് 31.03.2021 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ 17.04.2021 ൽ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ വാദി അപേക്ഷയിൽ പരാമർശിച്ചിച്ച റോഡ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതാണെന്ന് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പഞ്ചായത്ത് ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് സംബന്ധിച്ച രേഖകളൊന്നും കണ്ടെത്താനായില്ലെന്നും, ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന് എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും എങ്കിലും അപ്പീൽ വാദി അപേക്ഷയിൽ പരാമർശിച്ച റോഡുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ രേഖകൾ ഒരിക്കൽകൂടി വിശദമായി പരിശോധിച്ച് 15 ദിവസത്തിനകം മറുപടി അപേക്ഷകന് നൽകുന്നതിന് എസ്.പി.ഐ.ഒ യോട് നിർദ്ദേശിച്ചു കൊണ്ട് 24.05.2021 ന് അപ്പീൽ തീർപ്പാക്കി ഉത്തരവായിയെന്നുമാണ്. അപ്പീൽ തീർപ്പാക്കിയ ഉത്തരവ് പ്രകാരം എസ്.പി.ഐ.ഒ യിൽ നിന്നും മറുപടി ലഭ്യമായില്ലെന്ന് കാണിച്ചാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന്റെ പകർപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടപ്പോൾ പഞ്ചായത്തിലെ രേഖകൾ വിശദമായി പരിശോധിച്ചുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്ന വിവരം 28.06.2021 ലെ കത്ത് പ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ ആയത് ലഭിച്ചിട്ടില്ലെന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 30.08.2021 ൽ വീണ്ടും ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ല എന്നാരോപിച്ചാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 05.01.2022 ൽ കമ്മീഷൻ ആലപ്പുഴ ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ഹർജിക്കാരന്റെ

അപേക്ഷയിൽ പരാമർശിക്കുന്ന റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയ തിന്റെ വിവരങ്ങൾ ലഭ്യമല്ല എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി കമ്മീഷന് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആസ്തി രജിസ്റ്റർ കണ്ടെത്തുവാൻ ഒരിക്കൽ കൂടി പരിശ്രമിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശി ച്ചു. കൂടാതെ പ്രസ്തുത റോഡ് പൊതുമരാമത്തിന് കൈമാറിയത് സംബന്ധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഈ ഉത്തരവ് ലഭിച്ച് 20 ദിവസത്തിനകത്ത് ഹർജിക്കാരന് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷ നിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീ ഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീ ഷൻ ഇന്നേ ദിവസം 2022 ജനുവരി മാസം 10-ാം തീയതി തീർപ്പാക്കി ഉത്തരവാ കുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION